# ശിശുദിന പ്രസംഗം 2024

# (Children's day speech in Malayalam 2024)

വേദിയിലും സദസ്സിലുമുള്ള ബഹുമാന്യരേ, പ്രിയപ്പെട്ട കുഞ്ഞുങ്ങളേ...

ഇന്ന് നവംബർ 14. നെഞ്ചിൽ ചെമ്പനീർ പൂവും ചുണ്ടിൽ നിറപുഞ്ചിരിയും എന്നും സൂക്ഷിച്ചിരുന്ന ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം. കുട്ടികളെ തന്റെ ജീവനു തുല്യം സ്നേഹിച്ചിരുന്ന പ്രിയപ്പെട്ട ചാച്ചാജിയുടെ പിറന്നാൾ ഓരോ വർഷവും ശിശുദിനമായി നമ്മൾ ആചരിച്ചുവരികയാണ്. നാളെയുടെ വെളിച്ചവും പ്രതീക്ഷകളുമായ നമ്മുടെ കുഞ്ഞുമക്കൾക്ക് ആദ്യമേ ശിശുദിനാശംസകൾ നേരുന്നു.

പൂന്തോട്ടത്തിൽ വിരിയാറായി നിൽക്കുന്ന പൂമൊട്ടുകളായിട്ടാണ് നെഹ്റു കുട്ടികളെ കണ്ടിരുന്നത്. കൃത്യമായ പരിചരണവും വളരാനുള്ള സാഹചര്യങ്ങളും ഒരുക്കിക്കൊടുത്താൽ അവർ നിറയെ വർണ്ണങ്ങളുള്ള പൂക്കളായി മാറും. രാജ്യത്തിന്റെ യഥാർത്ഥ സമ്പത്ത് അവരാണെന്നും അദ്ദേഹം വിശ്വസിച്ചു. കുട്ടികളുടെ വിദ്യാഭ്യാസത്തെയും ഉന്നമനത്തെയും കുറിച്ച് നിരന്തരം വാചാലനായിരുന്ന അദ്ദേഹം, കുട്ടികൾക്കിടയിൽ ആയിരിക്കാനും അവരോടൊപ്പം സമയം ചിലവഴിക്കാനും സദാ ശ്രദ്ധിച്ചിരുന്നു.

1889 നവംബർ 14ന് മോത്തിലാൽ നെഹ്റുവിന്റെയും സ്വരൂപ് റാണി നെഹ്റുവിന്റെയും മകനായി ഉത്തർപ്രദേശിലെ അലഹബാദിലായിരുന്നു ജവഹർലാൽ നെഹ്റുവിന്റെ ജനനം. പ്രാഥമിക വിദ്യാഭ്യാസത്തിനു ശേഷം തുടർ പഠനം ഇംഗ്ലണ്ടിൽ പൂർത്തിയാക്കിയ നെഹ്റു, 1912ൽ തിരിച്ച് ഇന്ത്യയിലെത്തി തന്റെ രാഷ്ട്രീയ ജീവിതം ആരംഭിച്ചു. ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ മുന്നണിപ്പോരാളിയായി മാറിയ അദ്ദേഹം, മഹാത്മാ ഗാന്ധിയോടൊപ്പം ചേർന്ന് ബ്രിട്ടീഷ് വിരുദ്ധ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകി.

ശാസ്ത്ര സാങ്കേതിക മേഖലകളിൽ ഇന്ത്യയെ വളർത്തിയെടുക്കുക എന്ന വലിയ ദൗത്യമായിരുന്നു പ്രധാനമന്ത്രി പദത്തിൽ എത്തിയ നെഹ്റു നിറവേറ്റിയത്. വിദ്യാഭ്യാസത്തിന്റെയും ശാസ്ത്രീയ ചിന്താഗതിയുടെയും പ്രാധാന്യം മനസ്സിലാക്കിയ അദ്ദേഹം, അനേകം പ്രാഥമിക, ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ തന്റെ കാലയളവിൽ പണികഴിപ്പിച്ചു. ആധുനിക ഇന്ത്യയുടെ ശില്പി എന്നാണ് നെഹ്റു അറിയപ്പെടുന്നത്. എയിംസ്, ഐ.ഐ.ടി, ഐ.ഐ.എം, എൻ.ഐ.ടി തുടങ്ങിയവ നെഹ്റുവിന്റെ കാലത്തെ വികസനങ്ങളിൽ ചിലതാണ്.

1964 വരെ ഐക്യരാഷ്ട്ര സഭ നിശ്ചയിച്ചിരുന്ന പ്രകാരം നവംബർ 20-ാണ് ശിശുദിനമായി ആചരിച്ചിരുന്നത്. എന്നാൽ കുട്ടികളുടെ ക്ഷേമത്തിനും വിദ്യാഭ്യാസത്തിനും ഉന്നമനത്തിനുമായി നെഹ്റു നൽകിയ സംഭാനവനകൾ പരിഗണിച്ച് അദ്ദേഹത്തിന്റെ ജന്മദിനമായ നവംബർ 14 ദേശീയ ശിശുദിനമായി ആചരിക്കാൻ ഭരണകൂടം തീരുമാനിക്കുകയായിരുന്നു.

വിദ്യാഭ്യാസം എന്നതുകൊണ്ട് ചാച്ചാജി ഉദ്ദേശിച്ചിരുന്നത് കേവലം എഴുത്തും വായനയും പാഠപുസ്തക പഠനവും മാത്രമായിരുന്നില്ല, മറിച്ച് ചിന്തിക്കാനും ചോദ്യം ചോദിക്കാനും സ്വപ്നം കാണാനുമുള്ള കഴിവുകൂടിയാണ്. ആർക്കും അപഹരിക്കാനാകാത്ത സമ്പത്ത് നമ്മൾ സ്വന്തമാക്കുന്ന അറിവുകൾ മാത്രമാണ്. ശരിയായ വിദ്യാഭ്യാസത്തിലൂടെ വ്യക്തികളെയും അതുവഴി രാജ്യത്തെത്തന്നെയും നവീകരിക്കാൻ കഴിയുമെന്ന് നെഹ്റു വിശ്വസിച്ചു.

കുട്ടികളെ നേരായ രീതിയിൽ വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും വളർച്ചയുടെ കാലഘട്ടത്തിൽ മാതാപിതാക്കളും അധ്യാപകരും അടങ്ങുന്ന ചുറ്റുപാടുമുള്ളവർ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ചും ചാച്ചാജി സംസാരിക്കുമായിരുന്നു. വളർന്നു വലുതായി വ്യത്യസ്ഥ മേഖലകളിൽ രാജ്യത്തെ മുന്നോട്ടു നയിക്കാൻ തയ്യാറെടുക്കുമ്പോഴും അനുകമ്പയുടെയും ദയയുടെയും ധൈര്യത്തിന്റെയും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും സദാ സത്യസന്ധരായിരിക്കാനും അദ്ദേഹം കുട്ടികളെ ഉപദേശിച്ചു.

മറ്റൊരു ശിശുദിനം കൂടി കടന്നുവന്നിരിക്കുന്ന ഈ വേളയിൽ നമ്മുടെ പ്രിയപ്പെട്ട ചാച്ചാജി പകർന്നു തന്ന പാഠങ്ങളും അദ്ദേഹത്തിന്റെ നല്ല വാക്കുകളും നമുക്ക് സ്മരിക്കാം. ഓരോ കുട്ടിക്കും സുരക്ഷയും വിദ്യാഭ്യാസവും വളരാനുള്ള നല്ല ജീവിത ചുറ്റുപാടുകളും ഉറപ്പുവുരുത്തേണ്ടതിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാകണം ഈ ശിശുദിന ആഘോഷം.

സാമൂഹികവും സാമ്പത്തികവുമായ സംരക്ഷണവും പ്രാഥമിക വിദ്യാഭ്യാസം, ശുദ്ധജലം, ഭക്ഷണം തുടങ്ങിയ അടിസ്ഥാന അവകാശങ്ങളും നിഷേധിക്കപ്പെടുന്ന അനേകം കുട്ടികൾ ഇന്നും നമ്മുടെ രാജ്യത്തുണ്ട് എന്നത് സങ്കടകരമായ വസ്തുതയാണ്. ഈ സാഹചര്യത്തിന മാറ്റമുണ്ടാക്കാൻ രാജ്യം ഒറ്റക്കെട്ടായി പ്രവർത്തിക്കേണ്ടതുണ്ട. ഇത്തരം കുട്ടികളുടെ ജീവിതം മെച്ചപ്പെടുത്താൻ നമ്മളാൽ കഴിയുന്ന കാര്യങ്ങൾ ചെയ്യുമെന്ന് ഈ ശിശുദിനത്തിൽ നമുക്ക് പ്രതിജ്ഞ ചെയ്യാം.

ചാച്ചാജിയുടെ സ്വപ്നം പോലെ ഭാവി ഇന്ത്യയെ രൂപപ്പെടുത്തുന്ന നല്ല പൗരന്മാരായി വളരാനും രാജ്യത്തെ പുതിയ ഉയരങ്ങളിൽ എത്തിക്കാനും നമ്മുടെ കുഞ്ഞുമക്കൾക്കാകട്ടെ എന്ന് ആശംസിക്കുന്നു. അതിരില്ലാതെ സ്വപ്നങ്ങൾ കാണാനും ആ സ്വപ്നങ്ങൾക്കായി പ്രയത്നിക്കാനും നിങ്ങൾക്കാകട്ടെ. നമ്മുടെ കുട്ടികളെ ഭാവിയുടെ നല്ല വാഗ്ദാനങ്ങളായി വളർത്തിയെടുക്കേണ്ടത് മാതാപിതാക്കളും അദ്ധ്യാപകരുമടങ്ങുന്ന നമ്മൾ പൊതു സമൂഹത്തിന്റെ ഉത്തരവാദിത്തമാണെന്നുകൂടി ഓർമ്മിപ്പിച്ചുകൊണ്ട്, എല്ലാവർക്കും ഒരിക്കൽകൂടി ശിശുദിനാശംസകൾ നേരുന്നു.

നന്ദി നമസ്കാരം

ജയ് ഹിന്ദ്